
സംസ്കൃതി



# St.Mary’s High School Palliport

St.Mary’s High School Palliport

# ഉള്ളടക്കം

## കഥകൾ


- ബുദ്ധിമാനായ മുയൽക്കുട്ടൻ- മേഘ്ലാ സതീഷ് - 9
- കോഴിയമ്മയുടെ ബുദ്ധി- അനെയ്ട -9
- അമ്മിണിയുടെ അണ്ണാൻകുഞ്ഞ്- സാനിയ പോൾ - 9
- അയ്യോ കൈ- അലീന റോസ്- 9
- കോഴി ബുദ്ധി- ദിയ പോൾസൺ- 9
- ടിന്റുമോൻ ജോക്ക്സ്- അലീന എം.എ- 9


# കവിതകൾ

- കാർ- മുഹമ്മദ് ഹന്നഷ്- 8
- ലുട്ടാപ്പി- ഹെന്ന- 9
- മറന്നീടല്ലെ- സയന ടി.പി- 9
- നാടൻ പാട്ട്- അതുൽ കൃഷ്ണ്- 9
- പ്രകൃതി- ലിവീറ്റ- 8

# ഉപന്യാസം

- ജലമലിനികരണം- മെർവിൻ എം.എസ്- 9
- ഊർജ്ജ സംരക്ഷണം- അഫ്നാസ് പി.എ- 9
- പ്രളയം- അതുൽ കൃഷ്ണ്- 9

# കഥകൾ



# ടിന്റുമോൻ ജോക്സ്...

സാർ: ടിന്റു, ഹോംവർക്ക് ചെയ്തോടാ? ഉറക്കെ വായ്ച്ചേ...

ടിന്റു: ശരി സാർ...പോന്നപ്പൻ കുട്ടപ്പനോട് 100 രൂപ കടം വാങ്ങി. പക്ഷേ തിരിച്ച് കൊടുത്തില്ല.

സാർ: ???

സാർ: ടിന്റു, ഹോംവർക്ക് ചെയ്യ്‌തോടാ? ഉറക്കെ
വായ്ച്ചേ...

ടിന്റു: ശരി സാർ...പോന്നപ്പൻ കുട്ടപ്പനോട് 100 രൂപ കടം
വാങ്ങി. പക്ഷേ തിരിച്ചു കൊടുത്തില്ല.

സാർ: ???

ടിന്റു: കുട്ടപ്പൻ കുറെ തവണ ചോദിച്ചു. എന്നിട്ടും
കൊടുത്തുല്ല. ഒടുവിൽ കുട്ടപ്പൻ പോന്നപ്പനെ പൊതിരെ കല്ലി.

സാർ: ങേ...

ടിന്റു: അങ്ങനെ ഒടുവിൽ പോന്നപ്പൻ രൂപ തിരിച്ചു
കൊടുത്തു... ശുഭം

# ബുദ്ധിമാനായമുയൽകുട്ടൻ

മുയൽകുട്ടൻ എന്ന പോരുള്ള ഒരു  ബുദ്ധിമാനായ മുയൽ നമ്മുടെ കരിമണി കാട്ടിൽ ജിവിച്ചിരിന്നു കരിമണികാട്ടിൽ ധാരാളം മൃഗങ്ങൾ ജിവിച്ചിരിക്കുന്നു. ആന, പുലി, സിംഹം അങ്ങനെ ഒട്ടേറെ മൃഗങ്ങൾ ഒരു ദിവസം മുയൽക്കുട്ടൻ വൈകുന്നേരം നടക്കാൻ ഇറങ്ങിയതായിരുന്നു. ആപ്പോൾ ഒരു ക്രൂരനായ സിംഹം മുയൽക്കുട്ടന്റെ മുൻപിൽ വന്നു നിന്നു അവൻ ആലോചിച്ചു. പെട്ടന്നുതന്നെ അവന് സൂത്രം തോന്നി. അവൻ സിംഹത്തോട് പറഞ്ഞു :

“ആകാണ്ണുന്ന കിണറ്റിൽ വലിയോരു
സിംഹം താമസിക്കുന്നുണ്ട്.  ആദ്യം അങ്ങ് ആ സിംഹത്തെ
കൊല്ലുക. അല്ലെങ്കിൽ അവൻ എന്നെ പിടിച്ചു തിന്നും" തന്റെ
ശത്രുവിനെ കാണിച്ചു തരാൻ സിംഹരാജൻ ആവശ്യപ്പെട്ടു.
മുയൽ സിംഹത്തെ കിണറ്റിന്റെ കരയിലെത്തിച്ചു. സിംഹം
കുനിഞ്ഞ് കിണറ്റിലേക്ക് നോക്കി. അപ്പോൾ തന്റെ
പ്രതിരൂപം കിണറ്റിൽ കണ്ട് സിംഹം അലറി വിളിച്ചു.
ശത്രുവും അങ്ങനെ തന്നെ ചെയ്തു. സിംഹം കിണറ്റിലേക്ക്
എടുത്തു ചാടി.മുയൽ കുട്ടൻ രക്ഷപ്പെട്ട സന്തോഷത്തോടെ
വീട്ടിലേക്കുമടങ്ങി

# കോഴിയമ്മയുടെ ബുദ്ധി

പണ്ടുപണ്ട് ഒരു കാട്ടിൽ ഒരു കോഴി കുടുംബം താമസിച്ചി
രുന്നു. ഒരു ദിവസം പൂവൻ കോഴി കുട്ടിക
ളെ അടുത്തുള്ള സ്കൂളിൽ വിടാൻ പോയി.
അടുക്കള ജോലികളെല്ലാം കഴിഞ്ഞ് മാ
വിൻ കൊമ്പിലിരുന്ന് വിശ്രമിക്കുകയാ
യിരുന്നു. കോഴിയമ്മ പെട്ടന്ന് അതുവഴി ഒരു കുറുക്കൻ വന്നു.
വിശന്നു വലഞ്ഞ് തീറ്റതേടി ഇറങ്ങിയതായിരുന്നു കുറുക്കൻ
കോഴിയമ്മയെകണ്ട് കുറുക്കന് സന്തോഷമായി.

(ഇന്നത്തെ കാര്യം കുശാലായി)
മനസ്സിൽ പറഞ്ഞു കൊണ്ട് കുറുക്കൻ കോഴിയമ്മയുടെ നേരെ തിരിഞ്ഞു. ഭയന്നു വിറച്ച കോഴിയമ്മ തീകനലെരിയുന്ന അടുത്തേക്ക് ചൂണ്ടി
കൊണ്ട് പാറഞ്ഞു അവിടെയിരികുന്ന ജിലേബിയും പായസവും നീ തിന്നരുത് അത് കുട്ടികൾക്കുള്ളതാണ്. പക്ഷെ കുറുക്കച്ചൻ ജിലേബി എടുത്തു തിന്നു. പൊള്ളലേറ്റ കുറുക്കച്ചൻ ജീവനും
കൊണ്ടോടി. പിന്നെ ആ കുറുക്കൻ ഇതുവഴി
വന്നിട്ടില്ല

# അമ്മിണിയുടെ അണ്ണാൻകുഞ്ഞൻ...

അമ്മിണിക്ക് ഒരു അണ്ണാൻകുഞ്ഞിനെ കിട്ടി. അവൾ അതിന് പാലും പഴവും കൊടുത്തു വളത്തി. ചന്തയിൽ നിന്നൊരു കൂട് വാങ്ങി അണ്ണാൻ കുഞ്ഞിനെ കൂട്ടിൽ കിടത്തി. അതിന് അവൾ രാമു എന്ന പേരിട്ടു. അമ്മിണി അണ്ണാനെ കൂട്ടിൽ നിന്ന് പുറത്ത് വിട്ടാൽ അവൻ മുറിയിൽ ഓടിക്കളിക്കും. അമ്മിണി പിടിക്കാൻ ചെല്ലുമ്പോൾ ചരിൽ...ചരിൽ... എന്ന ശബ്ദിച്ചുകൊണ്ട് ചുമരിലേക്കു ഓടി കയറും. പിന്നെ ഓടിവന്ന് അമ്മിണിയുടെ തോളിൽ കയറി ഇരിക്കും. അമ്മിണിക്ക് അണ്ണാനെ വലിയ ഇഷ്ടമാണ്.

അണ്ണാന് അമ്മിണിയോട് വലിയ സ്നേബഗഹമാണ്. അമ്മിണി
കൊടുക്കുന്ന ആഹാരങ്ങൾ മാത്രം കഴിച്ച് അണ്ണാൻ വളർന്നു.
ഒരു ദിവസം രാമു കൂട്ടിൽ കിടന്നപ്പോൾ മുറ്റത്ത് നട്ടുവളർത്തിയ കോവയ്ക്ക്
തിന്നതു കണ്ടു. രാമുവിന് കോവയ്ക്ക് തിന്നാൽ കൊതി തോന്നി. അവൻ
കോവയ്ക്ക് തിന്നിട്ടില്ല. അമ്മിണി വന്ന് കൂട് തുറന്നപ്പോൾ അവൻ
ഓടിപ്പോയി കോവയ്ക്ക് തിന്നു. കോവയ്ക്ക് തിന്നു ഓടി നടന്നപ്പോൾ മറ്റേ
അണ്ണാനെ കണ്ടു.

രാമു പൈനാപ്പിളുമെല്ലാം തിന്നു നടന്നു. ആ വക സാധനങ്ങളുടെ രുചി അവനെ ലഹരി പിടിപ്പിച്ചു. പിന്നെ രാമു തിരിച്ച് അമ്മിണിയുടെ അടുത്തേക്ക് വന്നിട്ടില്ല.

അങ്ങനെ രാമുവിന്റെ വരവിൽ പ്രതീക്ഷിച്ച് കാത്തിരുന്നു. “അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കുമോ?” എന്നാണല്ലോ പഴമൊഴി.

# അയ്യോ ...കൈ...

എന്തു പറഞ്ഞാലും അനുസരിക്കുന്ന ഒരു റോബോട്ടിനെ ജിക്കുവിന് കുട്ടുകാരന് ഗിഫ്റ്റായി കിട്ടി. പെൻസിലിന് മൂർച്ച പോയാൽ ഒന്നു പറഞ്ഞാൽ മതി; റോബട്ട് അപ്പോ പെൻസിലെടുത്ത് മൂർച്ച വരുത്തും. ബുക്ക് അടുക്കി വായ്യാനും മുറി വൃത്തിയാക്കാനുമൊക്കെ റോബട്ടിനോട് പറഞ്ഞാൽ മാത്രം മതി! അതു കേട്ടതോടെ ജീവിക്കുവിന് അസൂയ മുഴുത്തു. ഹമ്പട ഈ റോബട്ടിന്റെ ചെവിയിൽ വിരലിട്ടു കുത്താം! ജിക്കു കുട്ടുകാരൻ കാണാതെ റോബട്ടിന്റെ ചെവിയിൽ വിരൽ കുത്തിക്കയറ്റി "ഹയ്യോ..."

അടുത്ത നിമിഷം ജിക്കു അലറിക്കരഞ്ഞു. വിരൽ മുറിഞ്ഞിരിക്കുന്നു! കരച്ചിൽ കേട്ട് കൂട്ടുകാരൻ പറഞ്ഞു...

“അതെയ്...റോബട്ടിന്റെ ചെവി പെൻസിൽ മൂർച്ച വരുത്താനുള്ള ഷാർപ്പ്നറായിരുന്നു. അതു പറയാൻ മറന്നു...ഹ...ഹ...”

# കോഴി ബുദ്ധി...

അമ്മക്കുറുക്കൻ മകനെയും കൂട്ടി നാട്ടിലേക്കിറങ്ങി. അതാ, അടയ്ക്കാത്ത ഒരു കോഴിക്കൂട്! അവർ പതുങ്ങി ചെന്നു.

കൂടിന്റെ പുറത്തുനിന്ന വാലൻ പൂവൻ കോഴി ആ ഇലയനക്കം കണ്ടു, "അയ്യോ... കുറുക്കന്മാരാണ്!" വാലന്റെ കൂടിന്റെ വാതിലിലേക്ക് ചാടിക്കയറുന്നതിനിടയിൽ അതിന്റെ വാതിൽ അടഞ്ഞുപോയി. വാലന്റെ കഴുത്തിൽ അമ്മക്കുറുക്കന്റെ പിടി വീണിരിക്കുന്നു. വാലൻ കരഞ്ഞു: "അയ്യോ... എന്നെ വെറുതെ വിടണേ..."

"കൈയ്യിൽ കിട്ടിയ കോഴിയെ വെറുതെ വിടണേ..." "കൈയ്യിൽ കിട്ടിയ കോഴിയെ വെറുതെ വിടണോ! ഹ...ഹ..." കുറുക്കൻ ചിരിച്ചു. ഒന്നാലോചിച്ച് പൂവൻ ചോദിച്ചു: "നിങ്ങൾ താറാവിറച്ചി തിന്നിട്ടുണ്ടോ?" താറാവിറച്ചി!

അതുകേട്ട് അമ്മക്കുറുക്കന്റെ വായിൽ വെള്ളമൂറി. “എന്റെ കൂട്ടിൽ 2 താറാവുകളുണ്ട്. മഹാശല്യക്കാരാ അവർ ഉമങ്ങിയട്ട് കൂട്ടിൽ ഞാൻ പൂർത്ത കാത്തുനിന്നത്. എന്നെ വിട്ടാൽ ഞാനവരെ പിടിച്ചു തരാം'', വാലൻ പറഞ്ഞു. “അമ്മേ... എനിക്ക് കോഴി വേണ്ട. താറാവിനെ മതി...!” കുട്ടിക്കുറുക്കന്റെ വാശി സഹാക്കാതെ അമ്മക്കുറുക്കന്റെ പൂവനെ വിട്ടു. പക്ഷേ,താറാവിനെ എങ്ങനെ കിട്ടും?വാലൻ സൂത്രം പറഞ്ഞു: “ഈ കൂടിന്റെ വാതിൽ നിങ്ങൾ പതുക്കെ തുറന്നു തരുക. ഞാൻ അകത്തു കയറി താറാവുകളെ വിളിക്കും. നിങ്ങൾ 2 പേരും കൂടിന്റെ അകത്തേക്ക് നാക്കുനീട്ടിക്കാണിക്കണം. തിന്നാനുള്ള എന്തോ ആണെന്നു കരുതി താറാവുകൾ നിങ്ങളുടെ അടുത്തേക്ക് വരും. അന്നേരം പിടിക്കാം'' ആ സൂത്രം കെള്ളാം !

അമ്മക്കുറുക്കൻ വാതിൽ തുറന്നു. വാലൻ അകത്തുകയറി. കുറുക്കന്മാർ കൂടിനടുത്തേക്ക് തലയും നാക്കും നീട്ടിയതും വാലൻകോഴി വാതിലടച്ചു! കോഴികളെല്ലാം കൂടി കുറുക്കന്മാരുടെ  തലയിലും മൂക്കിലുമെല്ലാം കൊത്തലോടു കൊത്തൽ! “ഹമ്മോ...” കുറുക്കന്മാർ കരഞ്ഞു. ഇനി ഈ വഴിക്കു കണ്ടുപോകരുത്.” അതും പറഞ്ഞ് വാലൻ കൂടിന്റെ വാതിൽ തുറന്നുകൊടുത്തതും അമ്മയും മകനും ഒറ്റ ഓട്ടം.



# കവിതകൾ

# കാർ...

അളിയന്റെ ഫാദർ പ്രസന്റ് തന്നൊരു അടിപൊളി  നിറമുള്ള കാർ ഞാൻ അതിലൊന്നു കയറിയട്ട് ഇടത്തോട്ട് തിരിച്ചപ്പോൾ വലത്തോട്ട് തിരയുന്ന ടയറ് ഈ കാറ് മുഴുവൻ ഒരു തലവേദന കണ്ട വർഷാപ്പകാർക്കൊക്കെ ഇപ്പോൾ വരുമാനായ് ആ കാറിൽ കയറിയ എല്ലാവരും ഇപ്പോൾ ഗവൺമേന്റ് ഹോസ്പിറ്റലിലായി ...

# ലുട്ടാപ്പി...

ഞാനാ ലുട്ടാപ്പി...
കുട്ടിച്ചാത്തൻ ലുട്ടാപ്പി...
കടുവകളും, കിടുവകളും എന്നെ കണ്ടാൽ പേടിക്കും...

കുട്ടൂസാ കുപ്പിയിടുക്ക്
ഭ്രം ഭ്രം ഭ്രം മത്രം ചൊല്ല്

അടിയങ്ങൾ കുപ്പിക്കുള്ളിൽ അ          ഓടിക്കോ...

ഞാനാ ലുട്ടാപ്പി...

കുട്ടിച്ചാത്തൻ ലുട്ടാപ്പി...

കടുവകളും, കിടുവകളും എന്നെ കണ്ടാൽ പേടിക്കും...

# മറന്നീടല്ലേ

കുടിക്കാനും കുളിക്കാനും
ചെടികൾക്ക് നനയ്ക്കാനും
ജലം വേണമെന്ന കാര്യം മറന്നീടല്ല
മാനും മീനും പൈക്കിടാവും
പാട്ടു പാടും പൂ  യിലും
പുല്ലു നെല്ലു  പുലർന്നീടാൻ
മഴവെള്ളം നിറഞ്ഞീടും
കുളം പുഴ ചോലയെല്ലാം
ശുചിയാക്കി എന്നുമെന്നും
സൂക്ഷിച്ചിടേണം

# നാടൻപാട്ട്

പൈങ്കിളി
ഒന്നാനാം കുന്നിൻമേൽ
ഓരാടികുന്നിൻമേൽ
ഓരായിരം കിളിക്കൂടുവെച്ചു
കുട്ടിന്നിളം കിളി
താമരപ്പൈങ്കിളി
താനിരുന്നാടുന്നപൊന്നോല

കലഹം

അത്തം ചിത്തിര ചോതി
അച്ചൻ കെട്ടിയ വേലി
അമ്മ പൊളിച്ചിട്ടരി വച്ചു
അച്ചൻ വന്നു കലഹിച്ചു

# കരയല്ലേ

കരയല്ലേ കരയല്ലേ പൊന്മകളേ
നിന്നെക്കെട്ടാനാളുവരും
ആതക്കൈക്കെട്ടുക്കെ പൊന്നുവരും
വെള്ളിത്താക്കോലോടിവരും
കുഞ്ഞിക്കിണ്ണം തുള്ളിവരും
താഴെ പത്തായം അടച്ചും വരും
കരയല്ലെ കരയല്ലെ പൊന്മക്കളെ...

# പ്രകൃതി

കാറ്റേ കാറ്റേ വീശരുതേ
അങ്ങോട്ടും ഇങ്ങോട്ടും ആടരുതെ
കോഴി കോഴി കൂകരുതെ
പുലർച്ചെ ഒട്ടും കൂകരുതെ
പുഴയെ പുഴയെ ഒഴുകരുതെ
അക്കരെ ഇക്കരെ ഒഴുകരുതെ
കിളിയെ കിളിയെ പറക്കരുതെ

ആകാശത്തങ്ങനെ പറക്കരുതെ
മഴയെ മഴയെ പെയ്യരുതെ
മുറ്റത്തൊന്നും പെയ്യരുതെ
പാറ്റേ പാറ്റേ ഒടരുതെ
കണ്ടം വഴി നീ ഒടരുതെ
ആനേ ആനേ ഒടരുതെ
ഉത്സവ പറമ്പിൽ ഒടരുതെ......

# ഉപന്യാസം

# പരിസ്ഥിതി ഗുരുതരം...

## ജലമലിനീകരണം..

കുളം, തടാകം, നദി, കായൽ, കടൽ, ഭൂഗർഭ ജലസ്രോതസ്സ് പോലുള്ള ജലാശയങ്ങൾ മലിനമാകുന്നതിലൂടെ ഉണ്ടാകുന്ന പരിസ്ഥിതി മലിനീകരണമാണ് ജലമലിനീകരണം. മതിയായ സംസ്കരണം നടത്തി അപകടകരമായ ഘടകങ്ങൾ നീക്കം ചെയ്യാതെ മാലിന്യങ്ങൾ നേരിട്ടോ അല്ലാതെയോ ജലാശയങ്ങളിലേക്ക് കലർത്തുമ്പോഴാണ് പൊതുവെ ജലമലിനീകരണം ഉണ്ടാകുന്നത്.

# കാരണങ്ങൾ

ജലമലിനീകരണത്തിന് കാർബണികമോ അകാർബണികമോ ആയ പദാർത്ഥങ്ങൾ കാരണമാകുന്നു. ജലം മികച്ച ഒരു ലായകമായതിനാൽ ചെറിയ അളവിലും പദാർത്ഥങ്ങളെ ലയിപ്പിക്കുന്നു. ഇത് ജലമലിനീകരണസാദ്ധ്യത വർദ്ധിപ്പിക്കുന്നു. ജൈവവിഘടനത്തിന് വിധേയമാകുന്ന കാർബണികവസ്തുക്കൾ ശുദ്ധീകരണപ്രക്രിയയിൽ സങ്കീർണ്ണങ്ങളായ കാർബണികതന്മാത്രകളെ **സൂക്ഷ്മാണുക്കൾ** വിഘടിച്ച് ഹാനികരമല്ലാത്ത പദാർത്ഥങ്ങളാക്കി മാറ്റുന്നു.

ജലത്തിലെ **ഓക്സിജനെ** ഉപയോഗിക്കുന്നതിനാൽ ലയിച്ചുചേർന്ന പദാർത്ഥങ്ങളുടെ **അളവ്** കൂടുന്നതിനനുസരിച്ച് ഓക്സിജന്റെ അളവ് ഗണ്യമായി കുറയുന്നു.

ഭക്ഷ്യവസ്തുക്കൾ, **തുകൽ** എന്നിവ സംസ്കരിക്കുന്ന ഫാക്ടറികൾ, **ചായം**, തുണിത്തരങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന **ഫാക്ടറികൾ** ഇവയെല്ലാം കാർബണികമാലിന്യങ്ങൾ ഉണ്ടാക്കുന്നവയാണ്. **പാറകളിൽ** അടങ്ങിയിരിക്കുന്ന കാരീയ **ലവണങ്ങൾ** പ്രകൃതിദത്തമായ ജലമലിനീകരണത്തിന് കാരണമാകുന്നു. **കീടനാശിനികളും രാസവളങ്ങളും** ജലസ്രോതസ്സുകളെ മലിനമാക്കുന്നു.

ആധുനികകൃഷിരീതിയിൽ ശാസ്ത്രീയത അവലംബിക്കാത്തതിനാൽ **യൂട്രോഫിക്കേഷൻ** എന്ന പ്രതിഭാസവും ഉണ്ടാകുന്നു.

# ജലമാലിന്യത്തിന്റെ അളവ്

ജലത്തിൽ അടങ്ങിയ മാലിന്യത്തിന്റെ തോത് അളക്കാൻ ജലത്തിന്റെ ലായകസ്വഭാവം ആണ് ഉപയോഗപ്പെടുത്തുന്നത്. നിശ്ചിത അളവ് ജലം ശേഖരിച്ച് 20ഡിഗ്രി സെൽഷ്യസ്സിൽ കുറഞ്ഞത് 5 ദിവസം സൂക്ഷിക്കുന്നു.ആരംഭത്തിലും അവസാനത്തിലും ഓക്സിജന്റെ അളവ് അളക്കുന്നു. ഓക്സിജന്റെ അളവ് ഇപ്രകാരം കണ്ടെത്താം. ഇതിനെ BOD (Biological Oxygen Demand) എന്ന് പറയുന്നു. ppm(Per part per million) യൂണിറ്റിലാണ് ഇത് സൂചിപ്പിക്കുന്നത്. കുടിക്കാനുള്ള ജലത്തിന്റെ BOD, 0.75-1.5ppm ആയിരിക്കുന്നതാണ് ഉത്തമം. ജലത്തില് ധാരാളം ലവണങ്ങളും മറ്റ് രാസവസ്തുക്കളും ലയിച്ചു ചേരുന്നു.

ജലമാലിന്യങ്ങളെ രാസമാലിന്യങ്ങള് എന്നും ജൈവമാലിന്യങ്ങള് എന്നും രണ്ടായി തരംതിരിക്കാം. ഇതിനു പുറമേ ജലത്തിന്റെ ഭൌതികഗുണനിലവാരവും പ്രധാനമാണ്. ജലത്തിന്റെ പി.എച്ച് മൂല്യം, അതില് അലിഞ്ഞു ചേര്ന്നിട്ടുള്ള ലവണങ്ങളുടെയും രാസപദാര്ത്ഥങ്ങളുടെയും അളവ് എന്നിവയാണ് രാസഗുണനിലവാരം നിര്ണ്ണയിക്കുന്നതിനുള്ള മാനകങ്ങള്. ജലത്തിന്റെ പി.എച്ച് 6.5നും 8.2നും ഇടയിലായിരിക്കണം. ക്ലോറൈഡ്, ഇരുമ്പ്, മഗ്നീഷ്യം, ഫ്ലൂറൈഡ്, സൾഫേറ്റ്, നൈട്രേറ്റ് തുടങ്ങിയ ലവണങ്ങള് ജലത്തില് പൊതുവേ കാണപ്പെടുന്നു.

# ഊർജ്ജ സംരക്ഷണം

ഉർജ്ജ സേവനത്തിന്റെ കുറവ് ഉപയോഗിച്ച് ഉർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള ശ്രമമാണ് ഉർജ്ജ സംരക്ഷണം. ഉർജ്ജം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിലൂടെയോ (സ്ഥിരമായ സേവനത്തിന് കുറഞ്ഞ ഉർജ്ജം ഉപയോഗിക്കുന്നതിലൂടെയോ) അല്ലെങ്കിൽ ഉപയോഗിക്കുന്ന സേവനത്തിന്റെ അളവ് കുറയ്ക്കുന്നതിലൂടെയോ ഇത് നേടാനാകും (ഉദാഹരണത്തിന്, കുറച്ച് ഡ്രൈവിംഗ് വഴി). പരിസ്ഥിതി പര്യാപ്തത എന്ന ആശയത്തിന്റെ ഭാഗമാണ് ഉർജ്ജ സംരക്ഷണം.

ഉർജ്ജ സംരക്ഷണം  ഉർജ്ജ സേവനങ്ങളുടെ ആവശ്യകത കുറയ്ക്കുകയും പാരിസ്ഥിതിക നിലവാരം,  ദേശീയ സുരക്ഷ,  വ്യക്തിഗത സാമ്പത്തിക സുരക്ഷ,  ഉയർന്ന സമ്പാദ്യം എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യും.   ഇത് സുസ്ഥിര  ഉർജ്ജ ശ്രേണിയുടെ മുകളിലാണ്. ഭാവിയിലെ വിഭവ അപചയം തടയുന്നതിലൂടെ ഇത്  ഉർജ്ജ ചെലവ് കുറയ്ക്കുകയും ചെയ്യുന്നു.

പാഴാക്കലും നഷ്ടവും കുറയ്ക്കുന്നതിലൂടെയും സാങ്കേതിക പരിഷ്കരണങ്ങളിലൂടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലൂടെയും മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെയും പരിപാലനത്തിലൂടെയും ഉർജ്ജം സംരക്ഷിക്കാൻ കഴിയും.  ആഗോളതലത്തിൽ ഉർജ്ജ-

ഉപയോഗം ജനസംഖ്യാ വളർച്ച സ്ഥിരപ്പെടുത്തുന്നതിലൂടെ കുറയ്ക്കാനും കഴിയും.

കാറുകളിലെ താപോർജ്ജം, അല്ലെങ്കിൽ ജലവൈദ്യുത നിലയങ്ങളിലെ വൈദ്യുതിയിലേക്കുള്ള ജലപ്രവാഹത്തിന്റെ ഗതികോർജ്ജം എന്നിങ്ങനെയുള്ള ഉർജ്ജത്തെ ഒരു രൂപത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റാൻ കഴിയും. എന്നിരുന്നാലും ഉർജ്ജത്തെ ഒരു രൂപത്തിൽ നിന്ന് മറ്റൊന്നിലേക്ക് പരിവർത്തനം ചെയ്യാൻ യന്ത്രങ്ങൾ ആവശ്യമാണ്. പ്രവർത്തിക്കുമ്പോൾ ഈ മെഷീന്റെ ഘടകങ്ങളുടെ വസ്ത്രധാരണവും സംഘർഷവും വളരെ ഉയർന്ന ഉർജ്ജവും ഉയർന്ന അനുബന്ധ ചെലവുകളും നഷ്ടപ്പെടുത്തുന്നു. ഘടകങ്ങളുടെ ജീവിത ചക്രം മെച്ചപ്പെടുത്തുന്നതിന് ഗ്രീൻ എഞ്ചിനീയറിംഗ് രീതികൾ സ്വീകരിക്കുന്നതിലൂടെ ഈ നഷ്ടം കുറയ്ക്കാൻ കഴിയും.

# പ്രളയം

കരപ്രദേശങ്ങളിൽ **വെള്ളം** ക്രമാതീതമായി വർദ്ധിക്കുന്നതിനെ വെള്ളപ്പൊക്കം എന്നു പറയുന്നു.ഇത് പലവിധ കാരണങ്ങളാൽ സംഭവിക്കാറുണ്ട്. പ്രകൃതിക്ഷോഭമാണിതിൽ പ്രധാനപ്പെട്ടത്. അതായത് മഹാമാരി, **ഉരുൾപൊട്ടൽ**, **വേലിയേറ്റം**, മഞ്ഞുരുകൽ, **സുനാമി** തുടങ്ങിയവ. ജലസംഭരണികളിൽ കൂടുതൽ ജലം നിറയുന്നതോടെ അണക്കെട്ടിന്റെ സംരക്ഷണാർത്ഥം അധികമുള്ള ജലത്തെ തുറന്നു വിട്ടാലും വെള്ളപ്പൊക്കം ഉണ്ടാകാം.

വെള്ളപ്പൊക്കം മൂലം താഴ്ന്ന പ്രദേശങ്ങളിലെ കൃഷി നശിക്കുകയും ഗതാഗതം സംവിധാനങ്ങൾ തടസ്സപ്പെടുകയും ചെയ്യുന്നതോടൊപ്പം വീടുകൾക്കും വ്യവസായശാലകൾക്കും കനത്ത നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്നു. വാർത്താവിനിമയംകൂടി തടസ്സപ്പെടുന്നതോടെ ജന ജീവിതം താറുമാറാകുന്നു. എന്നാൽ വെള്ളപ്പൊക്കത്തിന്റെ ഫലമായി താഴ്ന്ന പ്രദേശങ്ങളിലെ കൃഷി ഭൂമി എക്കൽ മണ്ണടിഞ്ഞ് ഫലഭൂയിഷ്ടമാകാറുണ്ട്.

# പഴംഞ്ചൊല്ലുകൾ





# പഴഞ്ചൊല്ലുകൾ

- മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്
- വാഴ നനച്ചാൽ  ചീരയും നനയും
- കാലത്തെ വിത്തിട്ടാൽ നേരത്തെ കൊയ്യാ
- ഒത്തു പിടിച്ചാൽ മലയും പോരും
- കാള കിടക്കും കയറോടും
- അരി എറിഞ്ഞാൽ ആയിരം കാക്ക
- വേണമെങ്കൽ ചക്ക വേരിലും കായ്ക്കും

- സമ്പത്ത് കാലത്ത് തൈവെത്ത് വച്ചാൽ ആപത്തു കാലത്ത് കാവത്ത് തിന്നാം
  - മടിയൻ മല ചുമക്കും
  - മിന്നുന്നതെല്ലാം പൊന്നല്ല.
  - അരമന രഹസ്യം അങ്ങാടിപ്പാട്ട്
  - ആന വായിൽ അമ്പഴങ്ങ
  - വിതച്ചതൊക്കെ കൊയ്യു


# ചിത്രങ്ങൾ




























## ***MOTIVATORS:***

- ***NAVANEETH T.S***
- ***SEENA JOSEPH***

## ***EDITORS:***

- ***ATHUL KRISHNA***
- ***AFNAS P.A***
- ***ARUN.K.GEORGE***
- ***MERWIN M.S***
- ***JACOB SANGEETH***



# നന്ദി